**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3164** **13-07-2022 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ സീറ്റ് ലഭ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇത്തവണ എസ്.എസ്.എൽ.സി. പരീക്ഷയിൽ എത്ര കുട്ടികൾ വിജയിച്ചു എന്നുള്ള കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I-ാ യി ചേർത്തിരിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് ഈ വർഷം സി.ബി.എസ്.ഇ. സിലബസിൽ പഠിച്ച് പത്താം ക്ലാസ്സ് പാസ്സായ കുട്ടികളുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | **ഈ വർഷത്തെ സി.ബി.എസ്.ഇ പത്താം ക്ലാസിന്റെ ഫലം വന്നിട്ടില്ല.** |
| (സി) | ഉപരിപഠനാർഹർ എത്രയാണെന്നും പ്ലസ് വൺ-ന് എത്ര സീറ്റുകൾ സംസ്ഥാനത്തുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) | **വിശദാംശങ്ങൾ അനുബന്ധം 2-ായി ചേർത്തിരിക്കുന്നു.** |
| (ഡി) | ഉപരിപഠനത്തിന് അർഹരായ എല്ലാവർക്കും പ്ലസ് വൺ പ്രവേശനം ലഭിക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ഡി) | **പ്രവേശന നടപടികൾ അവസാനിച്ച് കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലും ഉള്ളത്. 2021-22 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും തുടരുന്നതിനോടൊപ്പം കഴിഞ്ഞ വർഷം സ്വീകരിച്ച നടപടികൾ തുടർന്നാൽ തന്നെ ഉപരിപഠനത്തിന് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികളുടെയും പ്രവേശനം സാധ്യമാകുന്നതാണ്. നിലവിൽ സംസ്ഥാനത്തെ ഒരു ജില്ലയിലും ഹയർസെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നില നിൽക്കുന്നില്ല .** |
| (ഇ) | സംസ്ഥാനതലത്തിലെ കണക്കുകൾക്കപ്പുറം, ജില്ലാതലത്തിലെയും താലൂക്ക് തലത്തിലെയും കണക്കാണ് സീറ്റ് ലഭ്യതയുടെ കാര്യത്തിൽ പരിഗണിക്കേണ്ടതെന്ന അഭിപ്രായത്തോട് യോജിപ്പുണ്ടോ; വ്യക്തമാക്കാമോ; | (ഇ) | താലൂക്ക് അടിസ്ഥാനത്തിലുള്ള സീറ്റുകളുടെ ആവശ്യകത അനുസരിച്ചാണ് പ്രവേശന നടപടികളുമായി മുന്നോട്ട് പോകുന്നത്. |
| (എഫ്) | ശരിയായ പഠനം നടത്തി കൂടുതൽ അപേക്ഷകരുള്ള ജില്ലകളിൽ കൂടുതൽ കോഴ്സും കൂടുതൽ ബാച്ചും അനുവദിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ? | (എഫ്) | നിലവിൽ സംസ്ഥാനത്തെ ഒരു ജില്ലയിലും ഹയർസെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നില നിൽക്കുന്നില്ല. പ്രവേശന നടപടികൾ അവസാനിച്ച് കഴിയുമ്പോൾ സീറ്റുകൾ |

| | | | |
|---|---|---|---|
| | | | ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലും ഉള്ളത്. 2021-22 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും, ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും തുടരുന്നതിനോടൊപ്പം കഴിഞ്ഞ വർഷം സ്വീകരിച്ച നടപടികൾ തുടർന്നാൽ തന്നെ ഉപരിപഠനത്തിന് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികളുടെയും പ്രവേശനം സാധ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

ഇത്തവണ എസ്.എസ്.എൽ.സി പരീക്ഷയിൽ വിജയിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക്.

| | |
|---|---|
| തിരുവനന്തപുരം | 34039 |
| കൊല്ലം | 30534 |
| പത്തനംതിട്ട | 10437 |
| ആലപ്പുഴ | 21879 |
| കോട്ടയം | 19393 |
| ഇടുക്കി | 11294 |
| എറണാകുളം | 31780 |
| തൃശൂർ | 35671 |
| പാലക്കാട് | 38972 |
| മലപ്പുറം | 77691 |
| കോഴിക്കോട് | 43496 |
| വയനാട് | 11946 |
| കണ്ണൂർ | 35167 |
| കാസർഗോഡ്. | 19658 |

**<u>അനുബന്ധം 2</u>**

ഈ വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ചവരുടെയും സംസ്ഥാനത്തെ പ്ലസ് വൺ സീറ്റുകളുടെയും ജില്ല തിരിച്ചുള്ള കണക്ക്.

| ജില്ല | ഹയർസെക്കണ്ടറി ആകെ സീറ്റുകൾ(സർക്കാർ /എയ്ഡഡ്/അൺ-എയ്ഡഡ്) | എസ്.എസ്.എൽ.സി പാസായവരുടെ ആകെ എണ്ണം. |
|---|---|---|
| തിരുവനന്തപുരം | 37851 | 34039 |
| കൊല്ലം | 30882 | 30534 |
| പത്തനംതിട്ട | 16082 | 10437 |
| ആലപ്പുഴ | 26010 | 21879 |
| കോട്ടയം | 24156 | 19393 |
| ഇടുക്കി | 13090 | 11294 |
| എറണാകുളം | 36660 | 31780 |
| തൃശൂർ | 37352 | 35671 |
| പാലക്കാട് | 35910 | 38972 |
| മലപ്പുറം | 67106 | 77691 |
| കോഴിക്കോട് | 42862 | 43496 |
| വയനാട് | 11135 | 11946 |
| കണ്ണൂർ | 35190 | 35167 |
| കാസർഗോഡ്. | 17795 | 19658 |
| ആകെ | 432081 | 421957 |